പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 418      4/02/2014 ൽ മറുപടിയ്ക്ക്

## സ്കൂൾ പാഠപുസ്തക വിതരണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം :<br>ശ്രീ. സാജു പോൾ :<br>ശ്രീ. ബി. സത്യൻ :<br>ശ്രീ. ജെയിംസ് മാത്യു : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ടെക്സ്റ്റ് ബുക്ക് ഓഫീസ് സംവിധാനം നിലവിലുണ്ടോ ; | (എ) സംസ്ഥാനത്ത് ടെക്സ്റ്റ് ബുക്ക് ഓഫീസ് സംവിധാനം നിലവിലുണ്ട്. എന്നാൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നത് ടെക്സ്റ്റ് ബുക്ക് ഡിപ്പോകൾ വഴിയല്ല. |
| (ബി) ഇല്ലെങ്കിൽ പകരം പാഠപുസ്തകവിതരണത്തിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (ബി) നിലവിൽ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും എറണാകുളത്തുള്ള സർക്കാർ നിയന്ത്രണത്തിലുള്ള കെ.ബി.പി.എസ് എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) സ്വകാര്യ ഏജൻസികൾവഴി ഈ വർഷം പാഠപുസ്തകങ്ങൾ വിതരണം ചെയ്തതിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ ; | (സി) അപാകതകൾ കണ്ടെത്തിയിട്ടില്ല. എന്നാൽ ചില സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് നൽകിയപ്പോൾ പാഠപുസ്തകങ്ങളുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ടായതിനാൽ അത്തരം സ്കൂളുകളിൽ പാഠപുസ്തക വിതരണം പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |
| (ഡി) സ്കൂൾ തുറന്ന് ആറ് മാസത്തിനുശേഷവും സ്കൂളുകളിൽ പുസ്തകം ലഭ്യമാകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണ് ടെക്സ്റ്റ്ബുക്ക് ഡിപ്പോ നിർത്തലാക്കേണ്ടിവന്നതെന്ന് വിശദമാക്കാമോ ; | (ഡി) ചില സ്കൂളുകളിൽ ആവശ്യമായ അത്രയും എണ്ണം പാഠപുസ്തകങ്ങൾ യഥാസമയം ലഭിച്ചിരുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ സമയ ബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്. ഹെഡ്മാസ്റ്റർമാർ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് യഥാസമയം നല്കാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. ടെക്സ്റ്റ് ബുക്ക് ഡിപ്പോകളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടില്ല. |
| (ഇ) അടുത്ത അദ്ധ്യയനവർഷം പാഠപുസ്തകങ്ങൾ ഏത് ഏജൻസിവഴി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ? | (ഇ) ഇത് സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ